ട്ടർ ഡിസൈനിംഗ് ജക്കാഡ് ലൂമുകളിൽ നടപ്പാക്കി ഗുണനിലവാരം ഉയർത്താനും നടപടി എടുത്തുവരുന്നു.

36 (560) കൈത്തറിത്തുണികൾക്ക് നൽകാനുള്ള റിബേറ്റ് കുടിശ്ശിക

ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. പി.ജെ. ജോയി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ കൈത്തറിത്തുണികൾക്ക് നൽകാനുള്ള റിബേറ്റ് കുടിശ്ശിക എത്രയാണ്;

(ബി) റിബേറ്റ് കുടിശ്ശികയുടെ ജില്ലതിരിച്ചുള്ള കണക്ക് എത്ര എന്നു പറയുമോ?

ഉത്തരം

(എ) കേരളത്തിലെ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ, ഹാന്റെക്സ്, ഹാൻവീവ് എന്നിവവഴി വിറ്റഴിച്ച കൈത്തറിത്തുണികളുടെ റിബേറ്റ് കുടിശ്ശികയായി 31-3-2000 വരെ കൈത്തറി ഡയറക്ടറേറ്റിൽ ലഭിച്ച അപേക്ഷകളിൽ 14,97, 11,477 രൂപ കുടിശ്ശികയാണ്.

(ബി) റിബേറ്റ് കുടിശ്ശികയുടെ ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	-	3,61,64,514.00
കൊല്ലം	-	15,75,848.00
പത്തനംതിട്ട	-	----
ആലപ്പുഴ	-	2,05,165.00
കോട്ടയം	-	1,11,134.00
ഇടുക്കി	-	-----
എറണാകുളം	-	1,00,50,491.00
തൃശ്ശൂർ	-	53,42,552.00
പാലക്കാട്	-	82,32,018.00
മലപ്പുറം	-	29,269.00
കോഴിക്കോട്	-	37,73,177.00
കണ്ണൂർ	-	7,69,144.00
കാസർഗോഡ്	-	15,90,446.00
ഹാന്റെക്സ്	-	4,59,81,050.00
ഹാൻവീവ്	-	3,58,86,669.00
ആകെ	-	14,97,11,477.00

37 (561) ഖാദി മേഖലയിലെ തൊഴിലാളികളുടെ കുറഞ്ഞ വേതനം

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഖാദി മേഖലയിലെ തൊഴിലാളികളുടെ കുറഞ്ഞ വേതനം എത്ര രൂപയാണ്; ഇതു പുതുക്കി നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) നെയ്ത്ത്തൊഴിലാളികൾ ഉപയോഗിക്കുന്ന നൂലിന്സബ്സിഡി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഖാദി മേഖലയിലെ തൊഴിലാളികളുടെ ദിവസ വേതനം ശരാശരി 15 രൂപ (പതിനഞ്ച് രൂപ)യാണ്. ഖാദി തൊഴിലാളികളുടെ വേതനം നിശ്ചയിക്കുന്നതും കാലാകാലങ്ങളിൽ പുതുക്കുന്നതും ഖാദി കമ്മീഷൻ അംഗീകരിക്കുന്ന കോസ്റ്റ് ചാർട്ട് പ്രകാരമാണ്. ഖാദിബോർഡിനോ, സംസ്ഥാന സർക്കാരിനോ വേതനം പുതുക്കി നിശ്ചയിക്കാൻ സാദ്ധ്യമല്ല.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

38 (562) ഭൂവസ്ത്ര വർഷ ഭാഗമായി കർമ്മപരിപാടികൾ

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. പി. നാരായണൻ :
ശ്രീ. കെ.പി. രാജേന്ദ്രൻ :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂവസ്ത്രവർഷ ഭാഗമായി ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ എത്ര പരീക്ഷണ പദ്ധതികളാണ് കയർ വികസനവകുപ്പ് നടപ്പാക്കുവാനുദ്ദേശിക്കുന്നത്;

(ബി) ഈ പദ്ധതികൾ ഏതെല്ലാം;

(സി) ഈ പദ്ധതികൾ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദമാക്കുമോ;

(ഡി) ഭൂവസ്ത്രവർഷ ഭാഗമായി എന്തെല്ലാം കർമ്മ പരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അൻപത് പരീക്ഷണ പദ്ധതികൾ.

(ബി) താഴെ കൊടുത്തിരിക്കുന്ന വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പദ്ധതികളാണ് നടപ്പാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇതിൽ ഓരോ പഞ്ചായത്തും തെരഞ്ഞെടുക്കുന്ന അനുയോജ്യമായ പദ്ധതികൾ നടപ്പാക്കുന്നതാണ്.

1. റോഡുകളുടെ ഉപയോഗം (Separation of reinforcement)
2. ചതുപ്പു നിലങ്ങളുടെ വരമ്പ് നിർമ്മാണം.
3. താങ്ങുമതിൽ (Retaining wall)നിർമ്മാണം
4. റോഡുകളുടെ വശങ്ങളിലെ ഓടകൾ
5. മണൽ വാരലിൽ നിന്നും പുഴയുടെ സംരക്ഷണം.
6. പുഴയോരങ്ങളുടെ സംരക്ഷണം
7. വെർട്ടിക്കൽ ഡ്രെയിൻ
8. ഭൂചരിവുകളിലെ മണ്ണൊലിപ്പു തടയൽ

LIBRARY ARCHIVES Kerala Legislative Assembly